# കേരള കാർഷിക സർവകലാശാല വാർത്തകൾ
## (നവംബർ 16 – 22, 2018)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651
**e - mail: ccmannuthy@kau.in, Phone : 0487-2370773**)

**No. C3/4/2018 - 48** **Dt. 15 .11. 2018**

ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ

നെല്ലിനെ ഈ സമയത്ത് ബാധിക്കുന്ന രോഗങ്ങളേയും കീടങ്ങളേയും ചെറുത്ത് നിൽക്കാനായി നെൽപ്പാടങ്ങളിൽ ജൈവവളം കൂടുതൽ ഉപയോഗിക്കുന്നതിനോടൊപ്പം ജൈവീക കീടനിയന്ത്രണ മാർഗ്ഗങ്ങളും സ്വീകരിക്കേണ്ടതാണ്. നെല്ലിൽ ബാക്ടീരിയ വാട്ടം കണ്ടുവരുന്നത് തടയുന്നതിനായി സ്യൂഡമോണാസ് തളിക്കാം. അല്ലെങ്കിൽ പച്ച ചാണകം 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാവുന്നതാണ്. രോഗം കണ്ടു തുടങ്ങിയാൽ ബ്ലീച്ചിംഗ് പൗഡർ (2 കിലോ ഏക്കറിൽ) കിഴി കെട്ടി വാച്ചാലിൽ ഇട്ടു കൊടുക്കണം. തണ്ടുതുരപ്പനേയും ഓലചുരുട്ടിയേയും നിയന്ത്രിക്കുന്നതിനായി ട്രൈക്കോഗ്രമ്മ മുട്ടക്കാർഡുകൾ ഉപയോഗിക്കാവുന്നതാണ്.

നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ചിലോണിസ് കാർഡും തണ്ടുതുരപ്പനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡും ഉപയോഗിക്കുക. ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് വീതം, ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് പ്ലാസ്റ്റിക്ക് കപ്പുകളിൽ കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.

കുരുമുളകിൽ തുടർച്ചയായ വെള്ളക്കെട്ടിനെ തുടർന്നുള്ള ഭാഗികമായ വരൾച്ച മൂലം മഞ്ഞളിപ്പ് കാണുന്നുണ്ട്. 2 ഗ്രാം കൊസൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി മഞ്ഞളിപ്പ് ബാധിച്ച ചെടികളുടെ ചുവട്ടിൽ ഒഴിച്ചു കൊടുക്കുകയും തുടർന്ന് രണ്ടാഴ്ച്ചയ്ക്ക് ശേഷം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഒഴിച്ചു കൊടുക്കുകയും ഇലകളിൽ തളിച്ചു കൊടുക്കുകയും വേണം.

കശുമാവ് പൂക്കുന്ന സമയമാണിത്. കൊമ്പുണക്കവും തേയിലക്കൊതുകിന്റെ ആക്രമണവും ഒന്നിച്ചുണ്ടാകാൻ സാദ്ധ്യതയുണ്ട്. കറയൊലിച്ച ശേഷം ചില്ലകൾ ഉണങ്ങുന്നതാണ് കൊമ്പുണക്കത്തിന്റെ ലക്ഷണം. ഈ രോഗത്തെ നിയന്ത്രിക്കാൻ സ്യൂഡമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കണം. തോയിലക്കൊതുകിന്റെ ആക്രമണം തടയാനായി വേപ്പധിഷ്ഠിത കീടനാശിനികൾ തളിക്കേണ്ടതാണ്.

വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ക്വിനാൽഫോസ് 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

പുഴുവില്ലാത്ത മാമ്പഴം ലഭിക്കുന്നതിന് കായീച്ചയ്ക്കുള്ള ഫെറമോൺകെണി ഉപയോഗിച്ച് കായീച്ചകളെ നിയന്ത്രിക്കണം. മാവ് പൂത്ത് കായ് പിടിച്ചു തുടങ്ങുമ്പോൾ മുതൽ കെണി വയ്ക്കുക. ഒരു കെണി ഉപയോ

ഗിച്ച് 3 മാസത്തോളം ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം പാളയൻകോടൻ പഴം/ തുളസിയില തുടങ്ങിയവ ഉപയോഗിച്ചുള്ള ചിരട്ട കെണികളും കെട്ടിത്തൂക്കുന്നത് കൂടുതൽ ഗുണം ചെയ്യും. ചിരട്ട കെണികൾ രണ്ടാഴ്ചയിൽ ഒരിക്കൽ മാറേണ്ടതാണ്. ഒരേക്കർ മാവിൻ തോട്ടത്തിന് 5 അല്ലെങ്കിൽ 25 മരങ്ങൾക്ക് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ വെച്ചു കൊടുക്കേതാണ്. ഒരു സീസൺ (3-4 മാസം) മുഴുവൻ ഈ കായീച്ചക്കെണി ഫലപ്രദമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **0487-2370773** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

നവംബർ മുതൽ ഫെബ്രുവരി വരെ കേരളത്തിലെ സമതലപ്രദേശങ്ങളിൽ ശീതകാല പച്ചക്കറികൾ കൃഷി ചെയ്യാൻ പറ്റിയ സമയമാണ്. നല്ല സൂര്യപ്രകാശവും നീർവാർച്ചയുമുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കണം. ഒരു സെന്റിന് 2.5 കിലോഗ്രാം കുമ്മായം ഇട്ട് ഒരാഴ്ച്ച കഴിഞ്ഞ് 100 കിലോ എന്ന തോതിൽ ജൈവവളവും ചേർക്കണം. ചാലുകൾ മുക്കാൽ ഭാഗത്തോളം മൂടുക. തയ്യാറാക്കിയ ചാലുകളിൽ ഒന്നരയടി (45 സെന്റീമീറ്റർ) അകലത്തിൽ തൈകൾ നടണം. നട്ട് 10-ാം ദിവസം ആദ്യത്തെ വളം കൊടുക്കാം.

പച്ചക്കറികളിൽ രാസകീടനാശിനി പ്രയോഗം കഴിവതും ഒഴിവാക്കണം. ജൈവകീടനാശിനികളായ മണ്ണെണ്ണക്കുഴമ്പ്, വേപ്പെണ്ണ ഇമൾഷൻ, വേപ്പെണ്ണ - വെളുത്തുള്ളി മിശ്രിതം തുടങ്ങിയവ ഇലതീനിപ്പുഴുക്കൾ, വെള്ളീച്ച, പയറിലെ മുഞ്ഞ, ചിത്രകീടം ഇവയ്ക്കെതിരെ ഫലപ്രദമായി വിനിയോഗിക്കാം. കൂടാതെ വിവിധതരം കെണികൾ - പഴക്കെണി, തുളസിയിലക്കെണി, ഫെറമോൺ കെണികൾഎന്നിവ വെച്ചും കീടങ്ങളെ ആകർഷിച്ച് നശിപ്പിക്കാം.

<u>അറിയിപ്പ്</u>

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കാർഷിക സർവ്വകലാശാലയുടെ ത്രൈമാസികയായ കല്പധേനു ന്റെ സെപ്റ്റംബർ ലക്കവും ജൈവ വിളപരിപാലന ശുപാർശകൾ (**Organic PoP**) യും വില്പനയ്ക്കുണ്ട്. കല്പധേനു മാസികയുടെ വരിക്കാർ ആവാൻ താൽപര്യമുള്ളവർ 9447789728 / 9605612478 എന്ന നമ്പറിൽ ബന്ധപ്പെടേതാണ്.

ഒപ്പ്/-
പ്രൊഫസർ & ഹെഡ്
കമ്മ്യൂണിക്കേഷൻ സെന്റർ